ഡിജിറ്റൽ മാഗസിൻ

# എ ബി വി എച്ച് എസ് എസ്, മുഹമ്മ

## ലിറ്റിൽ കൈറ്റ്സ്



# ഹൃദ്യം

# ആശംസകളോടെ

വിവരസാങ്കേതിക മേഖലയിലെ കുതിച്ചുയരങ്ങളിൽ പങ്കാളികളാവാൻ.
ഇന്നിന്റെ കുരുന്നു ഹൃദയങ്ങളിൽ നിന്നും ഉദിച്ച ഈ സർഗ്ഗ സൃഷ്ടിക്ക്
എന്റെ ഹൃദയത്തിന്റെ ഭാഷയിൽ എല്ലാവിധ ആശംസകളുംനേരുന്നു....



ശ്രീ ജെ ജയലാൽ
സ്കൂൾ മാനേജർ

നമ്മുടെ  നാട്... നമ്മുടെ ലോകം.. നമ്മുടെ കുട്ടികൾ.... ഒരുപാട് മാറിയിരിക്കുന്നു.
ഇവയോരോന്നും ഇന്ന് വികസനത്തിന്റെ പാതയിലാണ് എന്ന് നമുക്കറിയാം.....
വിരൽത്തുമ്പുകൾ കൊണ്ട് ലോകത്തെയാകെ കൈയടക്കുന്ന ഒരു കാലം വിദൂരമല്ല ....
അതിനായി
പ്രാപ്തരാവട്ടെ  നമ്മുടെ കുട്ടികൾ....
ഏറെ അഭിനന്ദനങ്ങൾ മക്കളേ...



ശ്രീ ബിജോ കെ  കുഞ്ചെറിയ
പ്രിൻസിപ്പാൾ

നാം കണ്ടതിനും കേട്ടതിനുമൊക്കെയപ്പുറം.....
അറിവിന്റെ മായാജാലങ്ങൾ വിരൽത്തുമ്പുകൾ കൊണ്ട് തീർത്ത ഈ
നാമ്പുകൾക്ക് ഏറെ ആശംസകൾ....



ശ്രീമതി നിഷ ദയാനന്ദൻ
ഹെഡ്മിസ്ട്രസ്

# ആശംസകളോടെ

അറിവിന്റെ മായാ ലോകത്തേക്ക് ..... പറന്നുയരാൻ ഈ കുഞ്ഞു നക്ഷത്രങ്ങൾക്ക് സാധിക്കട്ടെ

ഏറെ സന്തോഷത്തോടെ ആശംസകൾ നേരുന്നു



ശ്രീമതി സുപ്രിയ എൻ കെ
സീനിയർ അസിസ്റ്റൻറ്

വരകൾക്കും വാക്കുകൾക്കും ഭാവനകൾക്കുമപ്പുറം....
നമ്മുടെ ലോകം വളരുകയാണ്.....
നമ്മുടെ കുരുന്നുകളുടെ കനവുകളും നിനവുകളും നിറവുകളാവട്ടെ ......
ഏറെ.... അനുമോദനങ്ങൾ.....



ശ്രീ കെ എസ് ലാലിച്ചൻ
പി ടി എ പ്രസിഡന്റ്

# എഡിറ്റോറിയൽ

ജീവിതം എന്നത് നമ്മുക്ക് കപ്പലിനോട് ഉപമിക്കാം .ആഴങ്ങളിലൂടെ മുന്നേറുന്ന യാത്ര, ജീവിതവും അതുപോലെയല്ലേ...നടുക്കടലിൽ കാറ്റിന്റെ സമ്മർദ്ദത്താൽ കോപിതനായി അലറുന്ന തിരകൾക്കിടയിൽ ആടിയുലയുന്നു.ചിലപ്പോൾ ശാന്തമായ കടലിന്റ ഗർത്തങ്ങൾ തൊട്ടറിയുന്നു.അതുപോലെയാണ് ജീവിതവും.കഷ്ടപ്പാടുകളിൽ ആടിഉലഞ്ഞും,ഓരോ പ്രതിസന്ധിയും അതിജീവിച്ചും ഓരോ പാഠം നമ്മൾ പഠിക്കുന്നു .

ജീവിതത്തിന്റെ മനോഹരനിമിഷങ്ങളിൽ നമുക്ക് പുഞ്ചിരിക്കാം ,ചിന്തിക്കാം,പ്രതീക്ഷിക്കാം ,ആസ്വദിക്കാം നമ്മുടെ ക്രിയാത്മകമായ കഴിവുകൾ ...അതിനായി ഞങ്ങളുടെ ഒരു എളിയ ശ്രമം നിങ്ങൾക്കായി സമർപ്പിക്കുന്നു .



മിഥുൻ രാധാകൃഷ്ണൻ
ചീഫ് എഡിറ്റർ

ഞങ്ങൾ നയിച്ചു , ഇവർക്കൊപ്പം .





# ലിറ്റിൽ കൈറ്റ്സ്



# ഉള്ളടക്കം

സ്കൂൾ ചിത്രശാല ........................................7

ക്രീയേറ്റീവ് കോർണർ

മഴ ........................................9

ജൂണിലെ ചാറ്റൽമഴ........................................10

ഓർമയുടെ ലോകത്ത് എന്നും തനിയെ........................................11

ജെന്റിൽ ബ്രീസ് ........................................12

കാന്തികവലയം ........................................13

ജലം ........................................14

പുഴക്കരയിലെ നിഗൂഢമായ വീട് ........................................15

രണ്ടു പൂമ്പാറ്റകൾ ........................................16

ആ യാത്രയിൽ........................................17

സ്വപ്നം ........................................18

പുഴയുടെ താളം മഴയുടെ മേളം ........................................19

അപ്പുവിന്റെ സ്വർണ്ണപക്ഷി ........................................20

വരയിലെ വർണങ്ങൾ ........................................22

ഫോട്ടോഗ്രാഫി ........................................28

വരയിലെ വർണ്ണങ്ങൾ ........................................30

ക്രിയാത്മക പഠനം ........................................34

ഞങ്ങളുടെ അദ്ധ്യാപകർ ........................................35

സ്റ്റുഡന്റ്സ് ക്ലബ് ........................................36

പുതിയ ആശയങ്ങളുമായി നാഷണൽ സർവീസ് ........................................38

സ്പോർട്സ്- ഞങ്ങളുടെ താരങ്ങൾ........................................39

കലോത്സവം ........................................40

ആദരം........................................42

ലഹരിക്കെതിരെ മുന്നോട്ട്........................................43

# സ്കൂൾ ചിത്രശാല
















DIGESTIVE SYSTEM


Galaxy A53 5G

## ക്രിയേറ്റീവ് കോർണർ

# മഴ

മഴയൊരു കണ്ണുനീരാണ്
ദുഃഖത്തിന്റെ , സന്തോഷത്തിന്റെ
ആകാശത്തിന്റെ ,
അനന്തതയിൽ നിന്ന് ഉറവപൊട്ടി
ആർദ്രമായി പെയ്തിറങ്ങുന്ന മഴ
അത് അച്ഛനാണ്, അമ്മയാണ്, സഹോദരിയാണ്
ദുഃഖത്തിന്റെ നീരുറവകൾ പൊട്ടുമ്പോൾ
മഴയത്ത് നിന്ന് കരയാൻ
എനിക്കിഷ്ടമാണ്
കണ്ണീർപാടുകൾ കഴുകിയൊഴുകുന്ന മഴ
എന്നെ തഴുകി സ്വാന്ത്വനിപ്പിക്കുന്ന
അമ്മയാണ് നെറുകയിൽ
അനുഗ്രഹമായി , അച്ഛനാകുന്ന മഴ
ഹൃദയത്തിൽ ചേച്ചിയായൊഴുകുന്ന
സ്നേഹ മഴ
കാൽപാദം നനച്ച്
ഭൂമിയിലേക്കാണ്ടുപോകുമ്പോൾ
നഷ്ടമാകുന്ന മഴ
ദുഃഖമാകുന്ന മഴ
മഴയൊരു കണ്ണുനീരുമാത്രമല്ല
അത് ഞാൻ തന്നെയാണ്



അവന്തിക.കെ.എ
VIII.D

# ജൂണിലെ ചാറ്റൽ മഴ!....

ജൂൺ-ജൂലൈ മാസങ്ങൾ എനിക്ക് ഏറെ ഇഷ്ടമാണ്. കാരണം, നല്ല മഴയുള്ള സമയമാണ്. സ്കൂളുകൾ തുറക്കുന്ന സമയം. രാവിലെ തന്നെ നല്ല മഴയും തണുപ്പും എനിക്ക് ഇഷ്ടമാണ്. ചിന്നിച്ചിതറി വീഴുന്ന മഴയെ കാണാൻ തന്നെ നല്ല രസമാണ് അതിന്റെ മനോഹാരിത പറയാതിരിക്കാൻ പറ്റില്ല. സ്കൂൾ വിട്ടു !... ആ സമയങ്ങളിലെ വിളിക്കാതെവരുന്ന മഴ ! പ്രതീക്ഷിക്കാത്ത ആ മഴയിൽ നനഞ്ഞു വരുന്നത് ഞാൻ നന്നായി ആസ്വ ദിക്കുമായിരുന്നു.മഴ വരുമ്പോൾ ഉള്ള ആ മൂടിക്കെട്ടിയ കാർമേഘം ഇരുണ്ട ആകാശം മഴയുടെ തുള്ളികൾ ഭൂമിയിലേക്ക് പതിക്കുന്ന സമയം. അതും ഞാൻ ഇഷ്ടപ്പെടുന്നു. ക്ലാസ്സ്മുറികളിൽ ജനാല വഴി തട്ടിത്തെറിക്കുന്ന ആ മഴ, എന്തു ഭംഗിയാണ് അതിനെ കാണാനും അനുഭവിക്കാനും. വൈകുന്നേരങ്ങളിലെ മഴയാണ് എന്നെ ഏറെ സ്വാധിനിക്കുന്നത്.

സ്കൂൾ കുട്ടികളുടെ ഒരു ചെറിയ വിനോദവും കൂടിയാണ് ഈ മഴ. മഴയെ കുറിച്ച് ഒരുപാട് പേർ വർണ്ണിച്ചിട്ടുണ്ട്. സ്കൂൾ അന്തരീക്ഷത്തിലെ മഴ ഒരുതരം അനുഭൂതി തന്നെയാണ്. ജിവിതത്തിൽ മഴ നനയാത്തവരായി ആരും തന്നെ കാണില്ല. നല്ല മഴയും തണുപ്പും ഉള്ള സമയത്ത് പോയി ഒരു ചൂട് ചായയും കുടിച്ച് ആ മഴയെ നോക്കിയിരിക്കുന്നത് എന്റെ ഒരുതരം വിനോദമാണ് കൂടാതെ അത് ഒരു അനുഭൂതി കൂടിയാണ്. നമ്മളിൽ പലരും മഴയെ സ്നേഹിക്കുന്നവരാണ്. അല്ലേ ! ചിലപ്പോൾ സ്കൂളുകളിൽ ക്ലാസ്സ് മുറിയിൽ ഇരിക്കുമ്പോൾ അത് പല ശബ്ദത്തിൽ വീഴും. ചിന്നിച്ചിതറി തട്ടിത്തെറിച്ച് പല പല താളത്തിൽ. മഴ നമ്മുടെ പ്രകൃതിയെ മാത്രമല്ല നമ്മുടെ പലരുടെയും മനസ്സിനെയും തണുപ്പിക്കുന്നു കൂടാതെ കുളിർമ പകരുന്നു. മഴയുടെ വരവിനെ പല കവികളും മനോഹരമായാണ് വർണ്ണിച്ചിട്ടുള്ളത്. മഴയെ കുറിച്ചുള്ള വീക്ഷണം പലർക്കും പലതാണ്. മഴയ്ക്ക് ഒരുപാട് ഭാവങ്ങൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ചിലപ്പോൾ അത് സാവധാനം തുള്ളി തുള്ളിയായി പൊഴിയും. ചിലപ്പോൾ ഊർന്ന് ചൊരിയും ചിലപ്പോൾ കലിതുള്ളുന്ന കാളിയെ പോലെയായി മാറും. അങ്ങനെ അങ്ങനെ.... കുഞ്ഞുനാളുകളിലെ ഇടിയും മിന്നലും കൂടിയുള്ള മഴകൾ എനിക്ക് ഏറെ ഭയമായിരുന്നു .എന്നെ ഏറെ ഭയപ്പെടുത്തിയിരുന്ന മഴകളിൽ ഒന്ന് കുഞ്ഞുനാളിൽ, എന്നാൽ ഇപ്പോൾ അതും എല്ലാം തന്നെ ഞാൻ ആസ്വദിക്കുന്നു. ഞാൻ മഴയെ ഏറെ സ്നേഹിക്കുന്നു. സ്കൂളുകളിൽ കുടകൊണ്ട് പോകുമെങ്കിലും കുടയില്ലാന്ന് കള്ളം പറഞ്ഞ് ആ വൈകുന്നേരമഴ നനയുന്നത് ഞാൻ പതിവാക്കി. കുറെ നല്ല നിമിഷങ്ങൾ സമ്മാനിച്ച എന്റെ പ്രിയപ്പെട്ട മഴ !....



അഞ്ജന കൃഷ്ണ എ.ജെ IX.C

# ഓർമ്മയുടെ ലോകത്ത് എന്നും തനിയെ....

തന്റെ പുസ്തകശേഖരണങ്ങളിൽ നിന്നും ഒരു ബുക്ക് എടുക്കാനായി മീനു അവളുടെ മുറിയിൽ നിന്നും താഴേക്ക് വന്നു. 2 മാസമായി വീട്ടിൽ തന്നെയാണ്. covid-19 പകർന്നുപിടിച്ചിരിക്കുകയാണ-ല്ലോ? മടുത്തു...അവൾ ചിന്തിച്ചു.BSC Nursing ആദ്യവർഷവിദ്യാർത്ഥി ആണ് മീനു. നന്നായി പഠിക്കും .അച്ഛനും അമ്മയും Work at home ആയതുകൊണ്ട് അവരും ഉണ്ട്. അങ്ങനെ തന്റെ പുസ്തകങ്ങളുടെ ശേഖരണത്തിലൂടെ കൈ ഓടിച്ച് കൊണ്ട് പോകുമ്പോൾ ഒരു ബുക്ക് അവളുടെ ശ്രദ്ധയിൽ പെട്ടു."ഓർമ്മയുടെ ലോകത്ത് എന്നും തനിയെ" എന്തോ... ആ പുസ്തകം. എത്ര വായിച്ചാലും തനിക്ക് മതിവരാറില്ല. ആ പുസ്തകത്തിന്റെ കഥകളിൽ മുഴുകി ഇരിക്കും. എങ്കിലും അതുതന്നെ വയിക്കാം അവൾ അതും എടുത്ത് മുറിയിലേക്ക് പോയി. തന്റെ ചാരുകസേരയിൽ ഇരുന്ന് അവൾ ആ പുസ്തകം വായിക്കാൻ തുടങ്ങി. പെട്ടെന്ന് അവൾ കുട്ടിക്കാലത്തെ ഓർമ്മകളിലേക്ക് വഴുതി വീണു. ഹോ! എന്തുരസമായിരുന്നു ആ സമയം. കൂട്ടുകാരുമൊത്ത് അടിച്ചു പൊളിച്ചു നടന്ന സമയം. ടീച്ചർ കാണാതെ ക്ലാസ്സ് ടൈംൽ മിഠായി കഴിച്ചത്, കൂട്ടുകാരുമൊത്ത് ഉച്ചഭക്ഷണം കഴിച്ചത്, പി ടി എ മീറ്റിംഗിൽ ആരാണ് വരുന്നത് എന്നറിയാനുള്ള ആകാംക്ഷയും ഹോ! എന്തുരസമായിരുന്നു ആ സമയം. പെട്ടെന്ന് അവളുടെ ഫോൺബെൽ അടിക്കുന്നത് കേട്ടാണ് തന്റെ സ്വപ്നത്തിൽ നിന്നും അവൾ ഉണർന്നത്. വിളിക്കുന്നത് തന്റെ ഏറ്റവും പ്രിയപ്പെട്ട സഹോദരിയെ പോലെ താൻ കാണുന്ന മായയാണ്. +2വരെ ഒരുമിച്ചായിരുന്നു എല്ലാ കാര്യത്തിനും കൂടെ ഉണ്ടായിരുന്ന അവൾ Enginnering പഠിക്കാനായി NEETന് പോയി. അതോടെ ആ സൗഹൃദവും നിലച്ചു. അവൾ ഫോൺ എടുത്തു. ഹലോ.....മീനു അല്ലേ തന്റെ ഏറ്റവും priyaപ്പെട്ട കൂട്ടുകാരിയുടെ ശബ്ദം 2 വർഷത്തിനു ശേഷം കേട്ടതിന്റെ സന്തോഷത്തിൽ മീനു പറഞ്ഞു അതേ!മായ പറഞ്ഞു എടീ മീനൂസേ ഇത് ഞാനാ മായ നാളെ നീ ഒന്ന് വീട് വരെ വരണം ഒരു പരുപാടിയുണ്ട് വൈകിട്ടാണ് മീനു പറഞ്ഞു. അതിനെന്താ ഞാൻ തീർച്ചയായും വരാം അച്ഛന്റെയും അമ്മയുടെയും അനുവാദം വാങ്ങി അവൾ രാത്രി ഉറങ്ങാൻ കിടന്നു ഉറക്കം വരുന്നില്ല നാളത്തെ കാരം ആലോചിച്ചിട് അവൾക്ക് വളരെ ഏറെ സന്തോഷം. അങ്ങനെ പിറ്റെന്ന് വൈകിട്ട് അവൾ മായയുടെ വിട്ടിൽ ചെന്നു ബെൽ അടിച്ചപ്പോൾ മായ അകത്തുനിന്നു വിച്ചു പറഞ്ഞു കേറിവാടി.... ഡോർ ലോക്ക് ചെയ്തിട്ടില്ല. അവൾ അകത്തേക്ക് കയറി. പെട്ടെന്ന് ഒരു പോപ്പ് പൊട്ടി.......HAPPY BIRTHDAY TO YOU......

തന്റെ വീട്ടുകാർ പോലും മറന്നുപോയ താൻ പോലും ഓർക്കാത്ത ആ ദിവസം തന്റെ കൂട്ടുകാർ ഓർത്ത് ആഘോഷിക്കുന്നത് കണ്ടപ്പോൾ അവളുടെ കണ്ണുകൾ അറിയാതെ നിറഞ്ഞുപോയി. കേക്ക് ഒക്കെ മുറിച്ച് കഴിഞ്ഞപ്പോൾ മായ കൂട്ടുകാർ പറഞ്ഞു. . . മീനുവിന്റെ അടുത്ത സർപ്രൈസ് പൊട്ടിക്കാം. .

മീനു ചോദിച്ചു എന്താ അത് ? മായ കൂട്ടുകാരെ ഒരു സിഗ്നൽ കാണിച്ചു അവർ മീനുവിന്റെ കണ്ണ് കെട്ടി ടെറസിലേക്ക് കൊണ്ട്പോയി. കണ്ണ് തുറന്ന് നോക്കിയപ്പോൾ അവിടെ ആരോ നിൽക്കുന്നു കൂട്ടുകാർ താഴേക്ക്പോയി മീനു ചോദിച്ചു 'ആരാ' അത്. അയാൾ തിരിഞ്ഞു മീനു ഞെട്ടി. തന്റെ ഓർമ്മയുടെ ലോകത്ത് എന്നോ തന്നെ തനിയെ ആക്കി പോയ ആളായിരുന്നു അത്

By Aneesha Suresh
8.D



# Gentle Breeze

I can feel you

How cool you are

What a wonder ?

But where ?



By Vasudev C.A
5.B



# കാന്തികവലയം

ചെറുപുഞ്ചിരി തൻ കാന്തിക വലയത്തിൽ എന്നോ
തുടങ്ങിയ ഒരു ആത്മബന്ധം

എൻ ഹൃദയ താളുകളിൽ എന്നേ നിന്റെ
വാക്കുകളും കുറിക്കപ്പെട്ടു....
മറക്കില്ല നിന്നെ ഒരിക്കലും മറക്കാൻ കഴിയുകയും
ഇല്ല
എൻ ഉറ്റവർക്കിടയിൽ നിന്നെയും ഓർക്കുമെന്നും

അകലങ്ങളുടെ ആഴത്തിൽ നശിച്ചുപോകാതെ
എന്നും ഈ സൗഹൃദം നിലകൊള്ളട്ടേ..
പോയദിനങ്ങൾ എത്രെയോ അകലെയായ്
അവ എന്റെ ഓർമകളിൽ ഒരു വസന്തമായ്
നിറതുളുമ്പും
നിന്റെ സ്മൃതികളിൽ നിന്ന് മായ്ക്കപ്പെട്ടാലും എന്നേ
മറന്നാലും നിന്റെ ഓർമകൾക്ക് എന്നിൽ എന്നും
വസന്തം മാത്രം



അഞ്ചു എസ്

# ജലം

നീ ജലമാണ്
ഓർമ്മകളുടെ തടാകങ്ങളിൽ
നീഗൂഢമായ രതിസാഗരങ്ങളിൽ
മാതൃസ്നേഹം ഉറവകൊള്ളാം
കിണർ കുമ്പിളിൽ
ഓളമുണർത്തുന്ന നീ
ജലമാണ്

സൗഹൃദത്തിൻ ജലത്തുമ്പിൽ
ഒരുതുള്ളി മഞ്ഞായും
ഒരായിരം മരം നൽകും
തണലിന്റെ തണുപ്പായും
അറിയുന്നു ഞാൻ
നീ ജലമാണ്



രമ്യ കെ

# പുഴക്കരയിലെ നിഗൂഢമായ വീട്

പഠനത്തിൽ മിടുക്കിയായിരുന്ന രഘുവിന്റെയും ലീലയുടെയും മകളായ നീലി.അവളുടെ മുത്തശ്ശി ആയിരുന്ന നാരായണി. ഒരിക്കൽ മുത്തശ്ശി നീലിയോട് പുഴക്കരയിലെ വീടിനെക്കുറിച്ച് പറഞ്ഞു. വീടിനെക്കുറിച്ച് കൂടുതൽ അറിയാനുള്ള ആഗ്രഹവുമായി അന്ന് രാത്രി ആരും കാണാതെ അവൾ പുഴക്കരയിലെ നിഗൂഢമായ വീട്ടിലേക്ക് നടന്നു.അവിടെ മുഴുവൻ മരങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു.ആ വീട് ആകട്ടെ ധാരാളം വവ്വാലുകളെ കൊണ്ടും പ്രാണികളെ കൊണ്ടും നിറഞ്ഞിരുന്നു.നീലി അകത്തേക്ക് പ്രവേശിച്ച ഉടൻ വാതിലുകൾ തനിയെ അടഞ്ഞു.
അവൾ കതകുകൾ തുറക്കാൻ ശ്രമിച്ചു എന്നാൽ അത് തുറന്നില്ല
അവളുടെ പരിശ്രമം നിർത്തിയില്ല.അവൾ ജനലുകൾ തുറക്കാൻ ശ്രമിച്ചു.അവളുടെ ഉള്ളിൽ ഭയവും ആശങ്കയും നിറഞ്ഞു.
ആ വീട്ടിലെ ഒരു ഭാഗത്ത് അവൾ ഒരു ചിത്രം കണ്ടു പൊടിപിടിച്ച ആ ചിത്രം അവൾ തുടച്ചു എടുക്കാൻ ശ്രമിച്ചു. പെട്ടെന്ന് ആരോ ജനലിലേക്ക് കല്ലെറിഞ്ഞു. പടിച്ചുപോയ അവളുടെ കയ്യിൽ നിന്നും ആ ചിത്രം താഴെ വീണു ഉടഞ്ഞു പോയി. പെട്ടെന്ന് അവൾ ജനലുകൾ തുറക്കാൻ ശ്രമിച്ചു അപ്പോൾ അതാ പുഴക്കരയിൽ ഒരു തോണി....... ആളില്ലാതോണി. നീലി നീലി നീ എഴുന്നേൽക്കുന്നില്ലേ അവളുടെ അമ്മയുടെ വിളി. "ങ്ഹേ ! അപ്പോൾ ഞാൻ ഇത് എവിടെയാ ? "നീലി ആശ്ചര്യപ്പെട്ടു നിനക്കെന്താ ഭ്രാന്ത് പിടിച്ചോ എന്ന് നീലിയുടെ അമ്മ. സ്കൂളിൽ പോകണ്ടേ. അവൾ ബുക്കുകൾ

അടുക്കുന്നതിന്റെ ഇടയിൽ അവളുടെ ഡയറി ആരോ തുറന്നു വെച്ചിരിക്കുന്നതായി അവളുടെ ശ്രദ്ധയിൽപ്പെട്ടു.അതിൽ എഴുതിയിരിക്കുന്നു "നിഗൂഢതയിലെ വീട് "..........



എഴുതിയത്

ശിവരഞ്ജിനി.പി.എസ് 9.എ

# രണ്ടു പുമ്പാറ്റകൾ

രണ്ടു പൂമ്പാറ്റകൾ കൂടിക്കളിക്കുന്നു . . . .
തണ്ടുലഞ്ഞാടും പൂവള്ളില പോലെ.
ഒരു വല്ലിയിൽ നിന്നു പറക്കുന്നു,മറ്റേതു
മറുവല്ലിയിൽ പോയൊളിച്ചു
കളിക്കുന്നു . . . .

അങ്ങോട്ടുമിങ്ങോട്ടും പാറിക്കളിച്ചതാ
തങ്ങുന്നാ പൂമര ചില്ലയിൽ തന്നെയും
എത്രയോ നേരമായി പാറിക്കളിക്കുന്നു
അത്രയും നേരമായി നാമും രസിക്കുന്നു

പെട്ടെന്ന് കാണാതെയാകുന്നു,ഒന്നിനെ
തേടി പറന്നു തിരയുന്നു മറ്റേതും . . . .
വീണ്ടും, അതാരണ്ടുമൊന്നിച്ചു പാറുന്നു . . . .
വീണ്ടുമൊരേ തണ്ടിൽ വന്നിരുന്നീടുന്നു.

ഒന്നിനോടൊന്നായ്  ചേർന്നു പറക്കുന്നു
ഒറ്റൊരു നോട്ടത്തിൽ കാണാതെയാകുന്ന
മിന്നിത്തിളങ്ങുന്നതു വിണ്ണിൽ നക്ഷത്രങ്ങൾ
കണ്ണുചിമ്മിക്കളിക്കുന്നതു പോലവ . . . . . !

വീടിന്റെയുമ്മറത്തോടിക്കളിക്കുന്നു
മാധുര്യബാല്യങ്ങൾ പോലെ പൂമ്പാറ്റകൾ
പാറിക്കളിക്കുന്നൊരേ മനം തന്നെയായ്
വേറിട്ടു പോകാത്ത
കൂട്ടുകാരെന്നപോലെ . . . . . . . ! ! !



രഞ്ജിക.എസ്
10.സി

# ആ യാത്രയിൽ

ഇക്കഴിഞ്ഞ ജൂൺ ഒമ്പത്-ാം തിയതി ഞാൻ എന്റെ കുടുംബാംഗങ്ങളുംകൂടി ഒരു വിനോദയാത്ര നടത്തി ആ അവസരത്തിൽ ആരാധനാലയാങ്ങൾ സന്ദർശിച്ചു എനിക്ക് വളരെയധികം സന്തോഷം തന്ന ഒരു യാത്രയായിരുന്നു അത് . തമിഴ് നാട്ടിലെ പഴനി, കമ്പം തേനി എന്നി സ്ഥലങ്ങൾ സന്ദർശിച്ചു തേനിയിലുള്ള മുന്തിരിത്തോട്ടം കണ്ടു.മുല്ലപ്പെരിയാറിൽ നിന്നും തമിഴ് നാട്ടിലേക്ക് വെള്ളം കൊണ്ടപോകുന്ന പൈപ്പ് ലൈൻ കണ്ടു, ആ കാഴ്ചകൾ എന്നെ വളരെയധികം അത്ഭുതപ്പെടുത്തി പിന്നീടുള്ള വനയാത്രയിൽ കുറേ കുരങ്ങന്മാരെ കണ്ടു.തേയിലത്തോട്ടങ്ങളും തേയിലഫാക്ടറികളും കാണുവാൻ കഴിഞ്ഞു.മാത്രമല്ല നല്ല ആഹാരവും കഴിക്കാനും സാധിച്ചു കുറച്ചു ഷോപ്പിങ്ങും നടത്തി.തേയിലകൃഷി എന്റെ മനസ്സിനെ സന്തോഷിപ്പിച്ചു ഫോട്ടോസും എടുത്തു ശേഷം രാത്രി ഒമ്പത് മണിക്ക് വീട്ടിൽ എത്തി. മറക്കാനാവാത്ത അനുഭവങ്ങളാണ് ഈ യാത്ര എനിക്ക് സമ്മാനിച്ചത് .



ദിയ ബാബു 5 ബി

# സ്വപ്നം

ശീതം പുതച്ചൊരു ഹേമന്തയാത്രയിൽ
ആമന്തമായി ഞാൻ നടന്നിടുമ്പോൾ
പെട്ടെന്നതാ കണ്ടൊരു ഭീകരരൂപം
ഞെട്ടിവിറച്ചു ഞാനോടിത്തുടങ്ങി
പേടിച്ചലറി ഞാൻ കണ്ണുതുറന്നപ്പോൾ
ചുറ്റിലതാ നിൽക്കുന്നു അച്ഛനും അമ്മയും
അപ്പോഴാണെനിക്കോർമ്മവന്നത്
അത് വെറുമൊരു സ്വപ്നമായിരുന്നു




ആശാലക്ഷ്മി കെ ജെ
9 f

## പുഴയുടെ താളം മഴയുടെ മേളം

പുഴയുടെ താളത്തിൽ
മഴയുടെ മേളത്തിൽ
ഞാൻ ഓർക്കുന്നു എൻ ബാല്യകാലം
കുടപോലെ ഇലവെട്ടി
സ്കൂളിൽ പോകും കാലം
കുതിരവണ്ടിയിൽ പോകും കാലം
ഓല മേഞ്ഞ വീടുള്ള കാലം
പണ്ട് പണ്ടൊരു കാലം
റേഡിയോ ഉള്ളൊരു കാലം



അക്ഷര അനീഷ്
5 C



അഞ്ജന കൃഷ്ണ എ.ജെ IX.C

# അപ്പുവിന്റെ സ്വർണ്ണപ്പക്ഷി

ഒരിക്കൽ ഒരു വീട്ടിൽ അപ്പു എന്നൊരു കുട്ടി ഉണ്ടായിരുന്നു. അവൻ പാവപ്പെട്ട വീട്ടിലെ കുട്ടിയായിരുന്നു. അവൻറെ അച്ഛനും അമ്മയും എങ്ങനെയോ പണി ചെയ്തു കുടുംബം പോറ്റുന്നു. അപ്പോഴാണ് വിവരമറിഞ്ഞത് രാജാവിന്റെ സ്വർണ പക്ഷിയെ കാണ്മാനില്ല. ആ സ്വർണ പക്ഷി നേരെ അപ്പു കിടക്കുന്ന മുറിയുടെ ജനാലക്കരുകിൽ വന്നിരുന്നു. രാജാവ് പ്രഖ്യാപിച്ചു തന്റെ സ്വർണ പക്ഷിയെ കണ്ടെത്തിയാൽ ആയിരം സ്വർണനാണയം കൊടുക്കുന്നതാണ്. ഇതുകേട്ട് എല്ലാവരും സ്വർണ്ണ പക്ഷിയെ തിരയാൻ തുടങ്ങി. അപ്പോഴാണ് അപ്പുവും അവൻറെ അച്ഛനും അമ്മയും ഈ വിവരം അറിയുന്നത്. അപ്പോളാണ് അപ്പു കാണുന്നത് അവന്റെ മുറിയിൽ ഒരു സ്വർണ പക്ഷി. ഇത് കണ്ടതും അപ്പു അതിന്റെ അടുത്തേക്ക് പോയി. പെട്ടെന്നാണ് അപ്പുവിന്റെ കൂട്ടുകാരനായ കിട്ടു അവിടെ എത്തിയത്.പെട്ടെന്ന് ജനാലക്കരുകിൽ നിന്ന് ആ പക്ഷി പറന്നുപോയി. അപ്പുവിന് വളരെ വിഷമമായി. അപ്പോൾ അപ്പു കരയാൻ തുടങ്ങി. അതുകണ്ട് കിട്ടു ചോദിച്ചു എന്താ അപ്പു എന്തിനാ കരയുന്നത്. അപ്പു പറഞ്ഞു എന്റെ സ്വർണപ്പക്ഷി പറന്നുപോയി. അത് കേട്ട് കിട്ടു അപ്പുവിനോട് പറഞ്ഞു .നമുക്ക് അത് എങ്ങോട്ടാണ് പോയത് എന്നറിയാൻ എന്റെ സുഹൃത്തുക്കളോട് ചോദിക്കാം . അപ്പു ചോദിച്ചു .ഏത് സുഹൃത്തുക്കൾ .കിട്ടു പറഞ്ഞു നീ എന്റെ കൂടെ വാ ഞാൻ കാണിച്ചു തരാം. നീ എങ്ങോട്ടാണ് എന്നെ വിളിച്ചു കൊണ്ടു പോകുന്നത് .അതു ഞാൻ ഇപ്പോൾ കാണിച്ചു തരാം. അപ്പു ചോദിച്ചു എവിടെ? എവിടെ നിൻറെ സുഹൃത്ത് ? ഇതാ ഇതാണ് എൻറെ സുഹൃത്ത് ,ഈ പശുക്കൾ. ഈ പശുക്കൾ ആണോ നിൻറെ സുഹൃത്ത് .ഇത് വെറും പശുക്കൾ അല്ല സംസാരിക്കുന്ന പശുക്കളാണ്. എന്ത് ! സംസാരിക്കുന്ന പശുക്കളോ? അതെ ഞാൻ ഇവരോട് ചോദിക്കട്ടെ സ്വർണ്ണ പക്ഷിയെ കണ്ടോ എന്ന്. പശുക്കൾ പറഞ്ഞു... ”കണ്ടു ഞങ്ങൾ കണ്ടു അത് ആ മാവിൽ ആണ് ഉള്ളത് ”ഏത് മാവ് ?? നമ്മുടെ ശങ്കരൻ ചേട്ടന്റെ മാവോ ? അതെ അതുതന്നെ.

അപ്പുവും കിട്ടുവും നേരെ ശങ്കരൻ ചേട്ടന്റെ വീട്ടിൽ ചെന്നു എന്നിട്ട് ആരും കാണാതെ മാവിന്റെ അടുത്ത് ചെന്ന് പക്ഷിയെ പിടിക്കാൻ ശ്രമിച്ചു. ആ ശ്രമം വിജയിച്ചു. പെട്ടെന്ന് അവിടെ ശങ്കരൻ ചേട്ടൻ എത്തി. ഓടിക്കോ അപ്പു. അവർ രണ്ടുപേരും അവിടെ നിന്ന് ഓടി രാജാവിന്റെ കൊട്ടാരത്തിലെത്തി. അങ്ങനെ

രാജാവിന് തന്റെ സ്വർണ പക്ഷിയെ കിട്ടി. അവർക്ക് രണ്ടുപേർക്കും 1000നാണയത്തിന്റെ പകുതിയായി കൊടുത്തു അങ്ങനെ രണ്ടുപേരും സന്തോഷത്തോടെ തന്റെ വീട്ടിലേക്ക് പോയി (കഥയുടെ ഗുണപാഠം) ആപത്തു വന്നാൽ സുഹൃത്തുക്കൾ ഉണ്ടാകും കൂടെ.



Written by
ROZHIT R.
5 B

# വരയിലെ വർണ്ണങ്ങൾ



ശ്രീനന്ദ വി ആർ




ശ്രീനന്ദ വി ആർ





ശ്രീനന്ദ വി ആർ
9.A








വിനായക് ബി
9.B







ഹരികൃഷ്ണൻ പി ജെ



ഹരികൃഷ്ണൻ പി ജെ







ഹരികൃഷ്ണൻ പി ജെ
9 B

# ഫോട്ടോഗ്രാഫി






അഭിനന്ദ എ











അഭിനന്ദ എ
8 C








സൂരജ് എസ്





സൂരജ് എസ്





സൂരജ് എസ്









സൂരജ് എസ്
9 B

# ക്രിയാത്മക പഠനം










# ഞങ്ങളുടെ അദ്ധ്യാപകർ



# സ്റ്റഡന്റ്സ് ക്ലബ്



സ്കൂളുകളിലെ ക്ലബ്ബുകൾ ആശയവിനിമയത്തിലൂടെയും ചർച്ചയിലൂടെയും പഠനം മെച്ചപ്പെടുത്തുന്നു. ക്ലബ്ബ് നടത്തുന്ന ഓരോ പ്രവർത്തനവും വ്യത്യസ്തമായ ജീവിത ധാരണ വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു.വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും പരിശീലിപ്പിക്കാനും അവസരം ലഭിക്കുന്നു.സ്കൂളുകളിൽ നടത്തുന്ന പ്രവർത്തനങ്ങൾ അവരുടെ താൽപ്പര്യങ്ങളും ഹോബികളും രൂപപ്പെടുത്തുന്നതിന് മാത്രമല്ല, അവരുടെ നേതൃത്വവും സാമൂഹിക കഴിവുകളും വികസിപ്പിക്കാനും സഹായിക്കുന്നു.





പാഠ്യേതര പ്രവർത്തനങ്ങളുമായി അക്കാദമികരെ സന്തുലിതമാക്കിക്കൊണ്ട് സമഗ്രമായ വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുക എന്നതാണ് ഞങ്ങളുടെ സ്കൂളിന്റെ ലക്ഷ്യം. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ വിദ്യാർത്ഥികൾക്ക് പഠനസമ്മർദ്ദം കുറയ്ക്കുന്ന രീതിയിലാണ് പഠനം ആസൂത്രണം ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങളുടെ സ്കൂളിൽ വിവിധ താൽപ്പര്യങ്ങൾ നിറവേറ്റുന്ന വിവിധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നത് .



വിദ്യാർത്ഥികൾ പരസ്പരം പഠിക്കുന്നു: അവർ ഒരു ഗ്രൂപ്പിലോ വെവ്വേറെയോ പ്രോജക്റ്റിൽ പ്രവർത്തിക്കുകയാണെങ്കിലും, ഓരോരുത്തർക്കും പരസ്പരം പഠിക്കാനാകും. അവർ പുതിയ

ഉൾക്കാഴ്ചകൾ നേടുകയും മറ്റൊരു വ്യക്തിയുടെ വീക്ഷണത്തെ വിലമതിക്കുന്നതിന്റെ പ്രാധാന്യം പഠിക്കുകയും ചെയ്യുന്നു.

വിദ്യാർത്ഥികൾ ഐക്യത്തിന്റെ മൂല്യം തിരിച്ചറിയുന്നു: സ്കൂളിലെ ക്ലബ്ബ് പ്രവർത്തനങ്ങൾ വിദ്യാർത്ഥിളിൽ ഐക്യബോധം വളർത്തിയെടുക്കാനും ഒരേ ലക്ഷ്യത്തിലെത്താൻ മറ്റുള്ളവരുമായി പ്രവർത്തിക്കാനും സഹായിക്കുന്നു.







സാമൂഹിക കഴിവുകൾ

വികസിപ്പിക്കുന്നു.വൈവിധ്യമാർന്ന പരിസ്ഥിതിയിൽ വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള മറ്റ് വിദ്യാർത്ഥികളെ കണ്ടുമുട്ടാനും ഒരുമിച്ച് പ്രവർത്തിക്കാനും ക്ലബ്ബുകൾ വിദ്യാർത്ഥികളെ സഹായിക്കുന്നു. അവർ അവരുടെ കംഫർട്ട് സോണിൽ നിന്ന് പുറത്തുവരുകയും കൗമാരക്കാരുടെ ജീവിതത്തിൽ സുപ്രധാനമായ മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകുകയും ചെയ്യുന്നു. വിദ്യാർത്ഥികൾ കൂടുതൽ ആത്മവിശ്വാസവും സ്വതന്ത്രരുമായിത്തീരുന്നു.വിദ്യാർത്ഥികൾക്ക് നേതൃത്വപരമായ റോളുകൾ ഏറ്റെടുക്കാനും വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും ക്ലബ്ബുകൾ ധാരാളം അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. അത്തരം സംരംഭങ്ങൾ വിദ്യാർത്ഥികൾക്ക് ഉൽപാദനക്ഷമമാണെന്ന് കണ്ടെത്താൻ അവരെ പ്രാപ്തരാക്കുന്നു. ഇത് അവരുടെ ആത്മവിശ്വാസവും സ്വാതന്ത്ര്യബോധവും വർദ്ധിപ്പിക്കുന്നു.

# പുതിയ ആശയങ്ങളുമായി നാഷണൽ സർവീസ് സ്കീം

# ഓളപ്പരപ്പിൽ വായനയുടെ ലോകം തീർത്ത് NSS

ലോകമെങ്ങും വായനയുടെ പ്രാധാന്യം മനസിലാക്കിക്കൊണ്ട് ഇരിക്കുകയാണ്. എന്നിരുന്നാലും സ്മാ ർട്ട് ഫോണുകളുടെ കടന്നുവരവ് പുസ്തകവായനയിൽ നിന്നും " ebook reading " എന്ന പുതിയ രീതിയിലേയ്ക്ക് മാറിയിരിക്കുന്നു.കണക്കുകൾ നോക്കുമ്പോൾ ebook reading രീതിയിലൂടെ പുസ്തകങ്ങൾവായിച്ചു തീർക്കുന്നവരുടെ എണ്ണം വളരെയധികം കുറവാണ്. ഇത് കണക്കിലെടുത്തുകൊണ്ട്പുസ്തകത്തിന്റെ പ്രാധാന്യം ഗ്രാമീണ ജനതയിലേയ്ക്ക് എത്തിക്കുക എന്ന ഒറ്റ ലക്ഷ്യംപേറി വോളന്റീർസ് പു




സ്തകതണലിനു ആരംഭംകുറി ച്ചു. പുസ്തകതണലിന്റെ കാതൽ പുസ്തകങ്ങളാണ്,



വിവിധ ഇടങ്ങളിൽ നിന്നും പുസ്തകങ്ങൾ ശേഖരി ക്കുകയും പുതിയ പുസ്തകങ്ങളും ബുക്ക് ഷെൽഫും സ്മാപ്പ് ചാലഞ്ച് വിനിയോഗിച്ചു വാങ്ങുകയും ചെയ്തു. നീണ്ട തിരച്ചിലുകൾക്ക് ഒടുവിൽ പുസ്തകതണലിനു അനുയോജ്യമായസ്ഥലം ഒരു ബോട്ട് ആണെന്ന് മനസിലാക്കി .



ഒരു ഒഴുകുന്ന പുസ്തകശാല.





ഒഴുകുന്നപുസ്ത കശാലയുടെ സാദ്ധ്യ തകൾ

മുഹമ്മയിലെ ഗ്രാമവാസികൾ കോട്ടയം ജില്ലയിലേയ്ക്ക് പോകുവാൻ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് 45 മിനിറ്റ് ദൈർക്യമേറിയ ഈ ബോട്ട് സർവീസ് ആണ്. സ്ഥിരം യാത്രക്കാ ർക്കും മറ്റുള്ളവർക്കും കായൽ ഭംഗി ആസ്വദിച്ചുകൊണ്ട് അവർക്ക് ഇഷ്ടപ്പെട്ട കഥകളും കവി തകളും വായിക്കുന്നതിലൂടെ പുതിയൊരു അനുഭവം ലഭിക്കുന്നു.



# സ്പോർട്സ്- ഞങ്ങളുടെ താരങ്ങൾ

ശാരീരിക ക്ഷമത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഒരു പ്രധാന ഭാഗമാണ്, കൂടാതെ അവരുടെ സ്കൂൾ ജോലിയും വ്യായാമവും തമ്മിൽ ആരോഗ്യകരമായ ബാലൻസ് നിലനിർത്താൻ അവ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു. ശാരീരിക ക്ഷമതയ്ക്ക് പുറമേ, സ്പോർട്സ്, ഗെയിമുകൾ എന്നിവയ്ക്കും കാര്യമായ മാനസിക ആരോഗ്യ ഗുണങ്ങളുണ്ട്. സ്ഥിരമായ ശാരീരിക പ്രവർത്തനങ്ങൾ






സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കാനും ആത്മാഭിമാനം വർദ്ധിപ്പിക്കാനും മൊത്തത്തിലുള്ള മാനസികാവസ്ഥ മെച്ചപ്പെടുത്താനും സഹായിക്കും. സ്പോർട്സിൽ പങ്കെടുക്കുന്നത് വിദ്യാർത്ഥികളെ സഹിഷ്ണുതയും സ്ഥിരോത്സാഹവും വളർത്തിയെടുക്കാൻ സഹായിക്കും. ഇല്ലാ വെല്ലുവിളികളെയും പരിമിതികളെയും നേരിട്ട് വിജയത്തിലേയ്ക്ക് എത്താൻ സ്പോർട്സ് അദ്ധ്യാപകൻ സവിനയൻ സാറിന്റെ നേതൃത്വത്തിൽ കരുത്തോടെ മെഡലുകൾ നേടി മുന്നേറുന്ന കിടിലം സ്പോർട്സ് ടീം.



# സ്പോർട്സ്- ഞങ്ങളുടെ താരങ്ങൾ






സംസ്ഥാന കലോത്സവം

സംസ്ഥാന കലോത്സവം എച്ച് സിഭാഗം വൃന്ദവാദ്യം A grade ഓടുകൂടി ഒന്നാം സ്ഥാനത്ത്



സംസ്ഥാന കലോത്സവം കഥകളി സംഗീതത്തിൽ HSS വിഭാഗം A ഗ്രേഡ് കരസ്ഥമാക്കിയ അഞ്ജന ആർ നായർ..



# ആദരം

## എ ബി വിലാസത്തിന് വീണ്ടും സൂര്യ ശോഭ....

എ എം ആരിഫ് എം പി യുടെ ആദരം പരിപാടിയിൽ പ്രമുഖ ശാസ്ത്രജ്ഞ ഡോക്ടർ ടെസി ജോസഫ്, കുഞ്ചാക്കോ ബോബൻ സൈജു കുറിപ്പ് തുടങ്ങിയവരുടെ സാന്നിധ്യത്തിൽ എച്ച് സലാം എംഎൽഎ, ആരിഫ് എംപി എന്നിവരിൽ നിന്നും 100% വിജയം നേടിയ സ്കൂളുകൾക്കുള്ള ആദരവ് ഏറ്റുവാങ്ങുന്നു.....




സംസ്ഥാനസ്കൂൾ കലോത്സവത്തിൽ എ grade ഓടുകൂടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വൃന്ദവാദ്യം ടീമിന് ആരിഫ് എം പി യുടെ സ്നേഹാദരവ്



# ലഹരിക്കെതിരെ മുന്നോട്ട്..

ചേർത്തല ഉപജില്ലയിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ലീഡിങ് സ്കൂളായി തെരഞ്ഞെടുത്ത എ ബി വിലാസം ഹയർ സെക്കൻഡറി സ്കൂളിലെ ലഹരി ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പോരാട്ടങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കൊണ്ട് ഏവരുടെയും ശ്രദ്ധനേടുകയാണ്.... ബോധവത്കരണ ക്ലാസുകൾ, സൈക്കിൾ റാലി, ഫ്ലാഷ്മോബുകൾ, ചിത്രരചന മത്സരങ്ങൾ, ദന്തപരിശോധനക്യാമ്പുകൾ, ചിത്രപ്രദർശനങ്ങൾ, തുണിസഞ്ചി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, ജാഗ്രതസദസ്സുകൾ, ഷോർട്ട് ഫിലിം നിർമ്മാണം, തുടങ്ങിയ നിരവധി ജനശ്രദ്ധ ആകർഷിക്കുന്ന പ്രവത്തനങ്ങൾ നടന്നു വരുന്നു.













നന്ദി...